എൻ.എസ്(3)/35576/18/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 18.06.2018

## സർക്കുലർ

വിഷയം: പൊതു വിദ്യാഭ്യാസം - 2017-18 അദ്ധ്യയന വർഷം 5, 8 ഡിവിഷനുകൾ പുതുതായി ആരംഭിച്ച സ്കൂളുകളിലെ കുട്ടികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നത്- സംബന്ധിച്ച്.

സൂചന: 1) 07.03.18 -ലെ ഈ കാര്യാലയത്തിലെ എൻ.എസ്.(3)/ 14697/2018// ഡി.പി.ഐ നമ്പരിലുള്ള സർക്കുലർ

2) 29.05.18-ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പരിലുള്ള സർക്കുലർ.

3) ബഹു:കേരള ഹൈക്കോടതിയുടെ 16984/18 ഉൾപ്പെടെ ഒരു കൂട്ടം റിട്ട് ഹർജിയിന്മേലുള്ള 11.06.18 - ലെ വിധിന്യായം.

2017-18 അദ്ധ്യയന വർഷത്തിൽ വ്യത്യസ്ത റിട്ട് ഹർജികളിലായി ബഹു:കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ധാരാളം സ്കൂളുകളിൽ 5, 8 എന്നീ ഡിവിഷനുകൾ ആരംഭിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നു. സൂചന (2) (3) സർക്കുലർ പ്രകാരം പ്രസ്തുത വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് അനുവദിക്കാനും നിർദ്ദേശിച്ചിരുന്നു. അതേ സമയം ഈ വിഷയത്തിൽ ചില സ്കൂളുകളുടെ പ്രതിനിധികൾ ബഹു:കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയുടെ പിൻബലത്തിൽ ഇത്തരം സ്കൂളുകളിൽ 4-ാം തരത്തിലും 7-ാം തരത്തിലും 2017 -18 അദ്ധ്യയന വർഷം പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സൂചന (3) -ലെ വിധിന്യായ പ്രകാരം 2017-18 വർഷം പുതുതായി തുടങ്ങിയ 5, 8 ഡിവിഷനുകൾ 2018-19 അദ്ധ്യയന വർഷം മുതൽ തുടരേണ്ടതില്ലെന്ന് ബഹു:കേരള ഹൈക്കോടതി വ്യക്തമാക്കുകയുണ്ടായി. വിധി ന്യായത്തിന്റെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

In the absence of any valid and tenable challenge made against the notification dated. 19.05.2017 of the Director of Public Instructions and the Government order dated. 09.06.2017, the petitioners in this batch of writ petitions are not entitled for an order to make admission of students to class V or Class VIII, as the case may be, in the respective Lower Primary Schools (with Class I to IV) and Upper Primary Schools (with Class V to VII) for the academic year 2018-19 or for consideration of

their request for upgradation of the respective schools. Therefore, any students who are yet to be issued with transfer certificates in the respective L.P. Schools or U.P.Schools to seek admission to Class V or Class VIII, as the case may be, shall be issued with such transfer certificates forthwith, and the State and the Educational Authorities shall ensure that such students are admitted in other schools having Class V/Class VIII, without any delay. The effective strength of students on the sixth working day from the date of reopening in the respective schools shall be reckoned taking note of the transfer certificates so issued/admission of students based on such transfer certificates.

ഈ സാഹചര്യത്തിൽ 2017-18 അദ്ധ്യയന വർഷം പുതുതായി തുടങ്ങിയ 5, 8 ഡിവിഷനുകൾ ഈ വർഷം പ്രവർത്തിക്കുന്നില്ലായെന്നും, ഇത്തരം സ്കൂളുകളിൽ യഥാക്രമം 4, 7 ഡിവിഷനുകളിൽ പഠിച്ചിരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും വിടുതൽ സർട്ടിഫിക്കറ്റ് നൽകി എന്നും അത്തരം വിദ്യാർത്ഥികൾ താമസം കൂടാതെ മറ്റ് സ്കൂളുകളിൽ ചേർന്നുവെന്നും ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ പ്രകാരം വിടുതൽ സർട്ടിഫിക്കറ്റ് ലഭിച്ച് മറ്റ് സ്കൂളുകളിൽ വിദ്യാർത്ഥികൾ ചേർന്നുവെന്നത് കണക്കിലെടുത്ത് മാത്രമേ സ്കൂളുകൾ തുറന്ന് ആറാം പ്രവർത്തി ദിനത്തിൽ എടുക്കേണ്ട 'Effective Strength of Students'കണക്കാക്കുവാൻ പാടുള്ളൂ എന്നും നിർദ്ദേശിക്കുന്നു.

മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ കൈകൊണ്ട് ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
4. സ്റ്റോക്ക് ഫയൽ